**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 261** **07-06-2021 - ൽ മറുപടിയ്ക്ക്**

**സിദ്ധ വിഭാഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ .സി .ബാലകൃഷ്ണൻ | | Smt Veena George<br>(ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) | |
| (എ) | ഭാരതീയ ചികിത്സ വകുപ്പിന് കീഴിൽ പുതുതായി വയനാട് ജില്ല ആയുർവേദ ആശുപത്രിയിൽ സിദ്ധ മെഡിക്കൽ ഓഫീസർ തസ്തിക പ്രാബല്യത്തിൽ വന്നതിന്റെ അടിസ്ഥാനത്തിൽ നിലവിൽ സുൽത്താൻ ബത്തേരി താലൂക്ക് ഗവണ്മെന്റ് ആയുർവേദ ആശുപത്രിയിൽ പ്ലാൻ പ്രോജക്റ്റിന്റെ കീഴിൽ പ്രവർത്തിച്ചുവന്നിരുന്ന സിദ്ധ വിഭാഗം നഷ്ടപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | സിദ്ധ ചികിത്സയെ ആശ്രയിക്കുന്ന സാധാരണക്കാരായ രോഗികൾക്ക് ആശ്വാസമായി നല്ല രീതിയിൽ പ്രവർത്തിച്ചു വന്നിരുന്ന സിദ്ധ വിഭാഗം നിലവിലെ കോവിഡ് മഹാമാരിയുടെ സാഹചര്യം കൂടി കണക്കിലെടുത്ത് നിലനിർത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | ഭാരതീയ ചികിത്സാ വകുപ്പിൽ സിദ്ധ ഡോക്ടറുടെ സേവനം ലഭ്യമല്ലാതിരുന്ന 8 ജില്ലകളിൽ പ്ലാൻ ഫണ്ട് ഉപയോഗിച്ച് സിദ്ധ ഡോക്ടറുടെ സേവനം ലഭ്യമാക്കിയിരുന്നതിന്റെ ഭാഗമായാണ് സുൽത്താൻ ബത്തേരി താലൂക്ക് ആയുർവേദ ആശുപത്രിയിലും സിദ്ധ യൂണിറ്റ് പ്രവർത്തിച്ചു വന്നിരുന്നത്. സർക്കാരിലെ 25-02-2021 ലെ സ. ഉ. (കൈ) 7/2021/ആയുഷ് നമ്പർ ഉത്തരവ്പ്രകാരം സിദ്ധ ചികിത്സാ സ്ഥാപനം നിലവില്ലാതിരുന്ന എട്ടു ജില്ലകളിലെയും ജില്ലാ ആശുപത്രികളിൽ ഓരോ സിദ്ധ മെഡിക്കൽ ഓഫീസറുടെ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. ഇപ്രകാരം വയനാട് ജില്ലാ ആയുർവേദ ആശുപത്രിയിൽ പുതിയതായി സൃഷ്ടിക്കപ്പെട്ട സിദ്ധ മെഡിക്കൽ ഓഫീസർ തസ്തികയിലേക്ക് 29.04.2021 ൽ സിദ്ധ മെഡിക്കൽ ഓഫീസർ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്. പുതുതായി നിയമിക്കപ്പെട്ടിട്ടുള്ള സിദ്ധാ ഡോക്ടറുടെ സേവനം ജില്ലയിലെ സിദ്ധാ മെഡിസിനെ ആശ്രയിക്കുന്ന രോഗികൾക്ക് ലഭ്യമാക്കാൻ സാധിക്കുന്നതാണ്. എല്ലാ ജില്ലാ ആശുപത്രികളിലൂടെയും എല്ലാ സ്പെഷ്യാലിറ്റി സേവനവും ലഭ്യമാക്കുക എന്നതാണ് ഭാരതീയ ചികിത്സാ വകുപ്പിന്റെ ഉദ്ദേശ ലക്ഷ്യം. സ്ഥിരം നിയമനം ലഭിച്ച സിദ്ധ ഡോക്ടർമാർ ജോലിയിൽ പ്രവേശിക്കുന്ന മുറയ്ക്ക് പ്ലാൻ ഫണ്ടിലെ താത്ക്കാലിക സിദ്ധ ഡോക്ടർമാരെ പിരിച്ച |

| | | | |
|---|---|---|---|
| | | | വിടേണ്ടതുണ്ട്. സ്ഥിരം നിയമനം ഉറപ്പാക്കിക്കൊണ്ട് സിദ്ധ വിഭാഗത്തിന്റെ സേവനം വിപുലപ്പെട്ടുത്തിയ സാഹചര്യത്തിൽ പ്ലാൻ ഫണ്ടിലൂടെ സുൽത്താൻ ബത്തേരി ഗവ. താലൂക്ക് ആയുർവേദ ആശുപത്രിയിൽ പ്രവർത്തിച്ചിരുന്ന സിദ്ധവിഭാഗത്തെ പുനഃസ്ഥാപിക്കുവാൻ നിർവ്വാഹമില്ല. |
| (സി) | പ്ലാൻ ഫണ്ടിന് കീഴിലുണ്ടായിരുന്ന സിദ്ധ വിഭാഗത്തെ സുൽത്താൻ ബത്തേരി ഗവണ്മെന്റ് താലൂക്ക് ആയുർവേദ ഹോസ്പിറ്റലിൽത്തന്നെ പുനഃസ്ഥാപിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ? | (സി) | ഭാരതീയ ചികിത്സാ വകുപ്പിൽ സിദ്ധ ഡോക്ടറുടെ സേവനം ലഭ്യമല്ലാതിരുന്ന 8 ജില്ലകളിൽ പ്ലാൻ ഫണ്ട് ഉപയോഗിച്ച് സിദ്ധ ഡോക്ടറുടെ സേവനം ലഭ്യമാക്കിയിരുന്നതിന്റെ ഭാഗമായാണ് സുൽത്താൻ ബത്തേരി താലൂക്ക് ആയുർവേദ ആശുപത്രിയിലും സിദ്ധ യൂണിറ്റ് പ്രവർത്തിച്ചു വന്നിരുന്നത്. സർക്കാരിലെ 25-02-2021 ലെ സ. ഉ. (കൈ) 7/2021/ആയുഷ് നമ്പർ ഉത്തരവ് പ്രകാരം സിദ്ധ ചികിത്സാ സ്ഥാപനം നിലവില്ലാതിരുന്ന എട്ടു ജില്ലകളിലെയും ജില്ലാ ആശുപത്രികളിൽ ഓരോ സിദ്ധ മെഡിക്കൽ ഓഫീസറുടെ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. ഇപ്രകാരം വയനാട് ജില്ലാ ആയുർവേദ ആശുപത്രിയിൽ പുതിയതായി സൃഷ്ടിക്കപ്പെട്ട സിദ്ധ മെഡിക്കൽ ഓഫീസർ തസ്തികയിലേക്ക് 29.04.2021 ൽ സിദ്ധ മെഡിക്കൽ ഓഫീസർ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്. പുതുതായി നിയമിക്കപ്പെട്ടിട്ടുള്ള സിദ്ധാ ഡോക്ടറുടെ സേവനം ജില്ലയിലെ സിദ്ധാ മെഡിസിനെ ആശ്രയിക്കുന്ന രോഗികൾക്ക് ലഭ്യമാക്കാൻ സാധിക്കുന്നതാണ്. എല്ലാ ജില്ലാ ആശുപത്രികളിലൂടെയും എല്ലാ സ്പെഷ്യാലിറ്റി സേവനവും ലഭ്യമാക്കുക എന്നതാണ് ഭാരതീയ ചികിത്സാ വകുപ്പിന്റെ ഉദ്ദേശ ലക്ഷ്യം. സ്ഥിരം നിയമനം ലഭിച്ച സിദ്ധ ഡോക്ടർമാർ ജോലിയിൽ പ്രവേശിക്കുന്ന മുറയ്ക്ക് പ്ലാൻ ഫണ്ടിലെ താത്ക്കാലിക സിദ്ധ ഡോക്ടർമാരെ പിരിച്ചു വിടേണ്ടതുണ്ട്. സ്ഥിരം നിയമനം ഉറപ്പാക്കിക്കൊണ്ട് സിദ്ധ വിഭാഗത്തിന്റെ സേവനം വിപുലപ്പെട്ടുത്തിയ സാഹചര്യത്തിൽ പ്ലാൻ ഫണ്ടിലൂടെ സുൽത്താൻ ബത്തേരി ഗവ. താലൂക്ക് ആയുർവേദ ആശുപത്രിയിൽ പ്രവർത്തിച്ചിരുന്ന സിദ്ധവിഭാഗത്തെ പുനഃസ്ഥാപിക്കുവാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ